**ഡോ. വി പി ജോയ്**
ചീഫ് സെക്രട്ടറി

**Dr. V P JOY**
**Chief Secretary**

കേരള സർക്കാർ
തിരുവനന്തപുരം-695 001

**Government of Kerala**
**Thiruvananthapuram-695 001**

No.102/SpecialCell/2021/CSO 12-04-2021

## കുറിപ്പ്

ചീഫ് സെക്രട്ടറി അദ്ധ്യക്ഷത വഹിച്ച **61-ാമത് 'കോർ ഗ്രൂപ്പ് ഫോർ കോവിഡ് 19 മാനേജ്മെന്റ്'** യോഗം 12-04-2021, 03:00ന് വീഡിയോ കോൺഫറൻസിംഗിലൂടെ ചേരുകയുണ്ടായി. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഡി.ജി.പി, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ-ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ADGP ലോ & ഓർഡർ, NRHM ഡയറക്ടർ, ജില്ലാ കളക്ടർമാർ, ജോയിന്റ് ഡയറക്ടർ DME, ജില്ലാ കോവിഡ് നോഡൽ ഓഫീസർമാർ, ജില്ലാ കോവിഡ് നോഡൽ ഓഫീസർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**യോഗത്തിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു:**

1. വളരെ വേഗത്തിലാണ് കേരളത്തിൽ കോവിഡ് വ്യാപനം നടക്കുന്നത്. നിലവിൽ 10.75 ആണ് കേരളത്തിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. എല്ലാ ജില്ലകളിലും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് വർദ്ധിച്ചിരിക്കുന്നു. പാലക്കാട്, വയനാട്, മലപ്പുറം, കോട്ടയം, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10ന് മുകളിൽ ആണ്.
2. കോഴിക്കോട് ജില്ലയിൽ 15.49 ആണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. ജില്ലയിൽ അടിയന്തിരമായി RT-PCR പരിശോധന വർദ്ധിപ്പിക്കാൻ കർശന നിർദ്ദേശം നൽകി.
3. RT-PCR പരിശോധനയും, കോവിഡ്പ്രോട്ടോകോൾ എൻഫോഴ്സ്മെന്റുമാണ് നിലവിൽ പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതെന്നു നിർദ്ദേശിച്ചു.
4. RT-PCR പരിശോധനകൾ നടത്താനുള്ള സംവിധാനങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ലെന്നത് ശ്രദ്ധിക്കുകയുണ്ടായി. കോവിഡ് വ്യാപനം രൂക്ഷമാകുന്ന നിലവിലെ സാഹചര്യത്തിൽ RT-PCR പരിശോധനകൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.
5. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഇൻഡോർ പരിപാടികളിൽ 100ഉം ഔട്ട്ഡോർ പരിപാടികളിൽ 200ഉം ആളുകൾ മാത്രമേ പങ്കെടുക്കാൻ അനുവദിക്കാവൂ. ഇതിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കണമെങ്കിൽ പങ്കെടുക്കുന്ന എല്ലാവരും പരിപാടി



Government Secretariat, Thiruvananthapuram, Kerala, India, Pin 695 001. Phone : 91 471 2333147/2518181
Fax : 91 471 2327176, E-mail : chiefsecy@kerala.gov.in

ഇതിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കണമെങ്കിൽ പങ്കെടുക്കുന്ന എല്ലാവരും പരിപാടി നടക്കുന്നതിനു 72 മണിക്കൂറിനുള്ളിൽ RT-PCR, RT Lamp എന്നിവയിലേതെങ്കിലും ടെസ്റ്റ് നടത്തി നെഗറ്റീവ് ആയവരോ കോവിഡ് വാക്സിൻ എടുത്തവരോ ആയിരിക്കണം. വിവാഹം, കലാ-കായിക-സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ തുടങ്ങി എല്ലാ പൊതുപരിപാടികൾക്കും ഇത് ബാധകമായിരിക്കും. കൂടാതെ യോഗങ്ങൾ 2 മണിക്കൂർ സമയത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

6. ഹോട്ടലുകളിലും, റെസ്റ്റോറന്റുകളിലും ഹോം ഡെലിവറി സംവിധാനം, അല്ലെങ്കിൽ ടേക്ക് ഹോം സംവിധാനം ഏർപ്പെടുത്തുവാനും സീറ്റിംഗ് കപ്പാസിറ്റിയുടെ 50 ശതമാനം ആളുകളെ മാത്രം ഒരേ സമയം അനുവദിക്കാനും നടപടിയെടുക്കേണ്ടതാണ്.
7. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഹോർട്ടി കോർപ്, പൗൾട്രി കോർപ്പറേഷൻ, മത്സ്യഫെഡ്, മിൽമ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ ഏകോപിച്ച് ഓൺലൈൻ സംവിധാനമുപയോഗിച്ച് നിത്യോപയോഗസാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഷോപ്പുകൾക്കും ഹോം ഡെലിവറി സംവിധാനം വിപുലീകരിക്കാവുന്നതാണ്.
8. ടെലി-ഡോക്ടർ സംവിധാനമായ "ഇ-സഞ്ജീവനി" എല്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ യോഗത്തിൽ നിർദ്ദേശം നൽകി. നിലവിൽ ഇ-സഞ്ജീവനി സംവിധാനം കേരളത്തിൽ ഉണ്ടെന്നും, ദിവസേന ഇരുന്നൂറോളം ആളുകൾ പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ അറിയിച്ചു. എന്നാൽ വിദഗ്ധഡോക്ടർമാരുടെ സേവനം പരിമിതമാണ്. കൂടുതൽ ഡോക്ടർമാരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചു. പദ്ധതിക്ക് കൂടുതൽ ജനകീയത ലഭിക്കാൻ വേണ്ടത്ര അറിയിപ്പ് നൽകാൻ ആരോഗ്യവകുപ്പിനോട് നിർദ്ദേശിച്ചു.
9. ബസ്സുകളിലും ട്രെയിനുകളിലും ആളുകൾ തിങ്ങിനിന്ന് യാത്ര ചെയ്യാൻ അനുവദിക്കരുത്. ഇത് ഉറപ്പ് വരുത്താൻ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.
10. കോവിഡ് വ്യാപനം തടയുന്നതിനായി സെക്ടറൽമജിസ്ട്രേറ്റുമാരുടെയും പോലീസിന്റെയും ഇടപെടൽ വളരെ പ്രാധാന്യമർഹിക്കുന്നു. ആളുകൾ ഒരുമിച്ച് കൂടുന്ന എല്ലാ സ്ഥലങ്ങളിലും ഇവരുടെ സാന്നിദ്ധ്യം ഉണ്ടാകണം. കോവിഡ് പ്രോട്ടോകോൾ ലംഘനവുമായി ബന്ധപ്പെട്ട് കേസുകൾ അവലോകനം ചെയ്യാൻ ADGPയോട് നിർദ്ദേശിച്ചു.

11. അത്യാവശ്യമായ യോഗങ്ങൾ അല്ലെങ്കിൽ അവയെല്ലാം മൂന്നാഴ്ചത്തേക്ക് സംഘാടകർ നീട്ടി വെക്കേണ്ടതാണ്. ഭക്ഷണ വിതരണമുള്ള യോഗങ്ങളിൽ അത് കഴിയുന്നതും ഭക്ഷണപ്പൊതികളായി നൽകാൻ പ്രേരിപ്പിക്കേണ്ടതാണ്.

12. അടുത്ത രണ്ടാഴ്ച ഷോപ്പുകളും, മാളുകളും മറ്റും രാത്രി 9 മണി വരെ പ്രവർത്തിക്കുന്ന രീതിയിൽ സംവിധാനം ചെയ്യാൻ ജില്ലാ ഭരണകൂടങ്ങൾ ജില്ലകളുടെ ചുമതലയുള്ള ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ സമവായം ഉണ്ടാക്കേണ്ടതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും അത്തരത്തിൽ ഊർജ്ജിതമാക്കേണ്ടതാണ്.

13. പാലക്കാട് ജില്ലയിൽ പരിശോധനകളുടെ എണ്ണം  കുറവാണ്. RT-PCR പരിശോധന നടത്താൻ നിലവിൽ മെഡിക്കൽ കോളേജിൽ മാത്രമേ സൗകര്യമുള്ളൂ. മൊബൈൽ പരിശോധനാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ഉടൻ തന്നെ പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് ജില്ലാകളക്ടർ അറിയിച്ചു. മലപ്പുറം ജില്ലയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 13.76% ആണ്, എന്നാൽ ജില്ലയിൽ കോവിഡ് പരിശോധനകളുടെ എണ്ണം കുറവാണ്. ഉടനെ പരിശോധനകൾ വർദ്ധിപ്പിയ്ക്കാൻ സാധിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഇടുക്കി ജില്ലയിൽ ദിവസേന 2000 പരിശോധനകളാണ് നടക്കുന്നത്. ജില്ലയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15.13% ആണ്. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളും, പരിശോധനയും ശക്തിപ്പെടുത്താൻ നിർദ്ദേശിച്ചു.

14. തൃശ്ശൂർ ജില്ലയിൽ കൂടുതൽ RT-PCR പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശിച്ചു.

15. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15 ശതമാനമുള്ള തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിൽ CFLTCകൾ സജ്ജമാണെന്ന് ഉറപ്പു വരുത്താൻ ജില്ലാ കളക്ടർമാരോടും, ആരോഗ്യ വകുപ്പിനോടും നിർദ്ദേശിച്ചു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10ൽ കൂടുതലുള്ള തദ്ദേശസ്വയംഭരണപ്രദേശങ്ങളിൽ ടെസ്റ്റ് വിവരവും, നിർദ്ദേശങ്ങളും കൃത്യമായും സമയബന്ധിതമായും നൽകാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചു. കൂടാതെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലുള്ള തദ്ദേശസ്വയംഭരണപ്രദേശങ്ങളിൽ  ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

16. എല്ലാ ജില്ലകളിലും മതിയായ ഐ.സി.യു ബെഡ്ഡുകൾ ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ ആരോഗ്യ വകുപ്പിനോട് നിർദ്ദേശിച്ചു.

17. വയനാട്, ആലപ്പുഴ ജില്ലകളിൽ റീപ്രൊഡക്ഷൻ നിരക്ക് വർധിച്ചിട്ടുണ്ട്. രണ്ടു ജില്ലകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച ആളുകൾ കൂടുന്നുണ്ടെന്ന് ജില്ലാ

കളക്ടർമാർ അറിയിച്ചു. ആൾക്കൂട്ടങ്ങളുള്ള സ്ഥലങ്ങളിൽ കോവിഡ് പ്രോട്ടോകോൾ നടപ്പിൽ വരുത്തേണ്ടതാണ്.

18. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന എല്ലാവരും കോവിഡ് ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

19. ഇന്നത്തെ കോർ ഗ്രൂപ്പ് ഫോർ കോവിഡ് മാനേജ്മെന്റ് യോഗത്തിൽ എടുത്ത സംസ്ഥാനതലനിയന്ത്രണപ്രവർത്തനങ്ങൾ അടുത്ത രണ്ടാഴ്ചത്തേക്ക് തുടരേണ്ടതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവുകൾക്കും അറിവിലേക്കുമായി സമർപ്പിക്കുന്നു.

ഡോ. വി പി ജോയ്

ബഹു: മുഖ്യമന്ത്രി

Copy to: പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്